भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

CE 501985

19-03-2019 രണ്ടായിരത്തിപത്തൊൻപതാമാണ്ട് മാർച്ച് മാസം പത്തൊൻപതാം തിയതി എറണാകുളം ജില്ല, ആലുവ താലൂക്ക്, ആലുവ വെസ്റ്റ് വില്ലേജ്, ആലുവ കരയിൽ മുക്കത്ത് വീട്ടിൽ **M. A. ഷെറീഫ്** ഒന്നാം പാർട്ടിയായും എറണാകുളം ജില്ല, പറവൂർ താലൂക്ക്, ആലങ്ങാട് വില്ലജ്, ആലങ്ങാട് പി. ഒ., കളപ്പറമ്പത്ത് വീട്ടിൽ **TRIJO JOSEPH** രണ്ടാം പാർട്ടിയായും ചേർന്നെഴുതി പരസ്പരം സമ്മതിച്ച് ഒപ്പിട്ട വാടകകരാർ.

| | |
|---|---|
| ഒന്നാം പാർട്ടി | രണ്ടാം പാർട്ടി |
| **M. A ഷെറീഫ്** | **TRIJO JOSEPH** |

നമ്പർ 5299 തീയതി 19-3-19 രൂപ

Trijo Joseph

Kalapparambath (H)

Alangad P.O

രമണി വി.കെ.

സ്റ്റാമ്പ് വെണ്ടർ, ആലുവ

സബ് (ട്രഷറി)

14 MAR 2019

ആലുവ

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA CE 501986



ഒന്നാം പാർട്ടി വകയും ഒന്നാം പാർട്ടിയുടെ സ്വന്തകൈവശത്തിലും അനുഭവത്തിലും കരം തീരുവയിലും ഇരിക്കുന്നതുമായ ആലുവ മുനിസിപ്പാലിറ്റി VIII-ാം വാർഡിൽ 1387-ാം നമ്പർ മുക്കത്ത് പ്ലാസ എന്ന് പേരിട്ടിട്ടുള്ള ഷോപ്പിങ്ങ് കോപ്ലക്സിന്റെ ഒന്നാം നിലയിൽ തെക്കേ മൂലയിൽ ഏകദേശം 400Sq. Feet. കെട്ടിടമുറി ഈ കരാറിൽ വിവരിക്കുന്ന വ്യവസ്ഥകൾക്കുൾപ്പെട്ട് രണ്ടാംപാർട്ടിക്ക് ഓഫീസ് ആവശ്യത്തിന് വേണ്ടി 07-03-2019 മുതൽ 11 മാസക്കാലത്തേക്ക് മാത്രം പ്രതിമാസം **8,500/-(എണ്ണായിരത്തി അഞ്ഞൂറ്)** രൂപ വീതം വാടക തരാമെന്നു സമ്മതിച്ചു ഒന്നാം പാർട്ടിയോട് രണ്ടാം പാർട്ടി വാടകക്കേറ്റു താക്കോൽ സഹിതം കൈവശം വാങ്ങിയിരിക്കുന്നു. ഇതനുസരിച്ചു ടി കെട്ടിടമുറി കൈവശം വച്ചു TVTRIPNSTAY HOLIDAYS PVT. LTD. എന്ന സ്ഥാപനത്തിന്റെ ഓഫീസ് ആവശ്യത്തിനുപയോഗിച്ചും വാടക രൂപാ **8,500/-(എണ്ണായിരത്തി അഞ്ഞൂറ്)**എല്ലാ ഇംഗ്ലീഷ് മാസങ്ങളുടെയും 05-ാം തീയതിക്കുള്ളിൽ രണ്ടാം

ഒന്നാം പാർട്ടി | രണ്ടാം പാർട്ടി

**M. A ഷെറീഫ്** | **TRIJO JOSEPH**

നമ്പർ 653 തീയതി 1-3-19 രൂപ
Trijo Joseph
Kalappalanulath (H)
Alangad P.O
രമണി വി.കെ.
സ്റ്റാമ്പ് വെണ്ടർ, ആലുവ

സബ് (ട്രഷറി)
14 MAR 2019
ആലുവ

പാർട്ടി ഒന്നാം പാർട്ടിക്കു കൊടുക്കുകയും കുടിശ്ശിക വരുത്തിയാൽ നൂറ്റക്ക് ഒന്നു വീതം പലിശ കൂട്ടിതരികയും 07-03-2019 മുതൽ 11 മാസം തികയുന്ന മുറക്ക് യാതൊരു തർക്കവും പറയാതെ ടി കെട്ടിടമുറി ഒഴിഞ്ഞു താക്കോൽ സഹിതം ഒന്നാം പാർട്ടിക്കു കൈവശം തരികയും ചെയ്തു കൊള്ളാമെന്നും രണ്ടാം പാർട്ടി സമ്മതിച്ചിരിക്കുന്നു. ടി കെട്ടിടമുറി രണ്ടാം പാർട്ടി ഉപയോഗിക്കുമ്പോൾ വരുന്ന കറന്റ് ചാർജ്ജ് , വാട്ടർ ചാർജ്ജ് എന്നിവ വാടകയ്ക്ക് പുറമെ എല്ലാ മാസവും രണ്ടാം പാർട്ടി അടച്ചു രസീത് ഒന്നാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തികൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. പ്രതിമാസ വാടക മുടക്കം വരുത്തിയാൽ ആ കാരണത്തിന്മേൽ കാലാവധി പരിഗണിക്കാതെ ഈ വാടക അവകാശത്തിൽ നിന്നും രണ്ടാംപാർട്ടിയെ ഒഴിപ്പിക്കുവാൻ ഒന്നാം പാർട്ടിക്കു അവകാശമുണ്ടെന്നും അപ്രകാരം രണ്ടാം പാർട്ടി ഒഴിഞ്ഞു കൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു. ഈ വാടകയുടെ ഉറപ്പിലേക്ക് വേണ്ടി സെക്യൂരിറ്റി ഡിപ്പോസിറ്റായി പലിശ ഇല്ലാതെ **85,000/-(എൺപത്തിഅയ്യായിരം)** രൂപ രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് റൊക്കം തന്നിരിക്കുന്നതും ഈ വാടക ഏർപ്പാട് അവസാനിക്കുന്ന മുറക്ക് വാടകയിൽ കുടിശ്ശിഖ ഉണ്ടായിരുന്നാലോ വൈദ്യുതി ചാർജ്ജിലോ വാട്ടർ ചാർജ്ജിലോ കുടിശ്ശിഖ ഉണ്ടായിരുന്നാൽ ആയത് ടി അഡ്വാൻസ് സംഖ്യയിൽ തട്ടിക്കഴിച്ചും, പോരാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യിനാൽ തരികയും കുടിശ്ശിക ഇല്ലെങ്കിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് സംഖ്യ മുഴുവനും പലിശ ഇല്ലാതെ രണ്ടാം പാർട്ടി തിരികെ പറ്റുകയും ചെയ്ത് കൊള്ളാമെന്ന് സമ്മതിച്ച് നിശ്ചയം ചെയ്തിരിക്കുന്നു. ഒഴിയുകയോ ഒഴിപ്പിക്കുകയോ ചെയ്യുന്ന സമയത്തു വിശേഷാൽ യാതൊരു പ്രതിഫലവും രണ്ടാം പാർട്ടി ആവശ്യപ്പെടുന്നതല്ലെന്നും വിപരീതമായി പ്രവർത്തിച്ചാൽ ആയത് അസാധു ആകുന്നതും ആകുന്നു. ടി കെട്ടിടമുറി കൈവശം വച്ചു മേൽപ്പറഞ്ഞ ആവശ്യത്തിനുപയോഗിക്കാമെന്നല്ലാതെ അന്യകൈവശം കൊടുപ്പാനോ, കൈമാറ്റം ചെയ്യുവാനോ, വാടക കുടിശ്ശിഖവരുത്തുന്നതിനോ, കെട്ടിടമുറിക്ക് കൂടുതൽ എടുപ്പുകളോ മറ്റോ ഉണ്ടാക്കുന്നതിനോ, എന്തെങ്കിലും പ്രതിഫലങ്ങൾ ഒന്നാം പാർട്ടിയോട് ആവശ്യപ്പെടുന്നതിനോ, കീഴ്‌വാടകയ്ക്ക് കൊടുക്കുന്നതിനോ, നിയമവിരുദ്ധപ്രവർത്തനങ്ങൾക്കുപയോഗിക്കുന്നതിനോ, യാതൊരുവിധ അവകാശവാദം ഉന്നയിക്കുവാനോ, ഏതെങ്കിലും തരത്തിലുള്ള നിരോധിത വസ്തുക്കളോ സ്ഫോടക വസ്തുക്കളോ സൂക്ഷിക്കുന്നതിനോ, അധാർമ്മിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനോ യാതൊന്നിനും രണ്ടാം പാർട്ടിക്കു അവകാശമില്ലാത്തതും അതിനു വിപരീതമായി രണ്ടാം പാർട്ടിയുടെ പ്രവൃത്തിമൂലം ഒന്നാം പാർട്ടിക്കു എന്തെങ്കിലും നഷ്ടത്തിനിടയാക്കിയാൽ ആയതിനും പലിശ ചിലവു മുതലായതിനും വ്യവഹാരത്തിനിടയാക്കിയാൽ

ഒന്നാം പാർട്ടി

**M. A ഷെറീഫ്**

രണ്ടാം പാർട്ടി

**TRIJO JOSEPH**

കോർട്ടു ചിലവിനും രണ്ടാം പാർട്ടിയും രണ്ടാം പാർട്ടിയുടെ വക സകലസ്ഥാവര ജംഗമ സ്വത്തുക്കളും ഒരു പോലെ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. ടി കെട്ടിടത്തിനോ അതിലുള്ള സാധനസാമഗ്രികൾക്കോ കേടുപാടുകൾ വരുത്താതെ രണ്ടാം പാർട്ടി സൂക്ഷിച്ചു കൊള്ളാവുന്നതും ഈ വാടകാവകാശം രണ്ടാം പാർട്ടി ഒഴിയുന്ന സമയം ടി കെട്ടിടമുറിക്ക് എന്തെങ്കിലും കേടുപാടുകൾ രണ്ടാം പാർട്ടി മൂലം സംഭവിച്ചിരുന്നാൽ ആയതു രണ്ടാം പാർട്ടിയുടെ ചിലവിൽ നന്നാക്കിച്ചു തന്നു കൊള്ളാവുന്നതും ആകുന്നു. ടി വാടക കരാർ രണ്ടാം പാർട്ടിക്ക് വീണ്ടും തുടരണമെങ്കിൽ ഒന്നാം പാർട്ടിയുടെ സമ്മതപ്രകാരം 10% വാടക വർദ്ധനവോടുകൂടി തുടരാവുന്നതാണെന്ന് ഇരുകൂട്ടരും സമ്മതിച്ചിരിക്കുന്നു. ഇതിലെ കാലാവധിക്കു മുൻപ് ഈ വാടകാവകാശം ഒഴിയുകയോ ഒഴിപ്പിക്കുകയോ ചെയ്യുന്ന പക്ഷം 1 (ഒരു) മാസത്തെ മുൻകൂർ നോട്ടീസ് നൽകാമെന്നും പരസ്പരം സമ്മതിച്ചിരിക്കുന്നു. ഈ കരാറിന്റെ ഒറിജിനൽ ഒന്നാം പാർട്ടി സൂക്ഷിക്കുന്നതും ഫോട്ടോ കോപ്പി രണ്ടാം പാർട്ടിക്ക് നൽകിയിട്ടുള്ളതുമാകുന്നു. ഇപ്രകാരം സമ്മതിച്ചും നിശ്ചയിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാൺകെ ഈ വാടകകരാറിൽ ഒന്നും രണ്ടും പാർട്ടിക്കാർ ഒപ്പിട്ടിരിക്കുന്നു.

എന്ന് ടി. ഒന്നാം പാർട്ടി

**M. A ഷെറീഫ്**

രണ്ടാം പാർട്ടി

**TRIJO JOSEPH**

സാക്ഷികൾ:

1.

2.

ഈ കരാർ കംപ്യൂട്ടറിൽ പ്രിന്റ് ചെയ്തതാണ്. വെട്ടുതിരുത്തില്ല.

ഒന്നാം പാർട്ടി

**M. A ഷെറീഫ്**

രണ്ടാം പാർട്ടി

**TRIJO JOSEPH**